# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഡൽഹി സ്ഫോടന പശ്ചാത്തലത്തിൽ രാജ്യതലസ്ഥാനത്ത് കനത്ത ജാഗ്രത. സ്ഫോടകവസ്തുക്കൾ നിറച്ച കാർ ഓടിച്ച വ്യക്തിയെ ഡിഎൻഎ പരിശോധനയിലൂടെ തിരിച്ചറിഞ്ഞു.

**In the wake of the Delhi explosion, a high alert has been declared in the national capital. The person who drove the car filled with explosives identified through DNA testing.**

2. കയറ്റുമതി പ്രോത്സഹന ദൗത്യത്തിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**The Union Cabinet has approved the Export Promotion Mission. Prime Minister Narendra Modi lauded the decision.**

3. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സാന്നിധ്യത്തിൽ പ്രോജക്ട് ചീറ്റയുടെ ഭാഗമായി ഇന്ത്യയ്ക്ക് എട്ട് ചീറ്റപ്പുലികളെ ബോട്സ്വാന ഇന്ന് കൈമാറും.

**Botswana to hand over eight cheetahs to India today as part of Project Cheetah in the presence of President Droupadi Murmu.**

4. ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ കനത്ത സുരക്ഷ.

**The counting of votes for the Bihar Assembly elections will take place tomorrow. Tight security at the counting centers.**

5. കേരളത്തിൽ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറത്തിറക്കും.

**The notification for local body elections in Kerala will be issued tomorrow.**

6. 2028 ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിന്റെ സമ്പൂർണ മത്സര ക്രമം പുറത്തിറക്കി.

**Organising Committee of 2028 Los Angeles Olympics released the full competition schedule.**

&&&&&&&&&&&&&&&&&

**HEADLINE-1**

## DELHI BLAST

ഡൽഹി സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് കർശന ജാഗ്രത തുടരുകയാണ്. അതിനിടെ ഡൽഹി കാർ സ്ഫോടനത്തിൽ സ്ഫോടകവസ്തുക്കൾ നിറച്ച ഹ്യുണ്ടായ് ഐ - 20 കാർ ഓടിച്ചത് ഡോക്ടർ ഉമർ നബി മുഹമ്മദാണ് എന്ന് സ്ഥിരീകരിച്ചു. സ്ഫോടന സ്ഥലത്തു നിന്നു ലഭിച്ച ശരീരാവശിഷ്ടങ്ങൾ ഉമറിന്റെ കുടുംബവുമായി യോജിക്കുന്നതാണെന്നു ഡിഎൻഎ പരിശോധനയിലൂടെ കണ്ടെത്തി. സ്ഫോടനത്തിന് 11 ദിവസം മുമ്പ് ഇയാൾ കാർ വാങ്ങിയതായും സ്ഥിരീകരിച്ചിട്ടുണ്ട്. ഉമറിന് തീവ്രവാദ ബന്ധം ഉണ്ടെന്നായിരുന്നു ഡൽഹി പോലീസ് റിപ്പോർട്ട്. സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് കർശന

ജാഗ്രത തുടരുകയാണ്. പ്രധാന വിമാനത്താവളങ്ങൾ, റെയിൽവെ സ്റ്റേഷൻ, പൊതുയിടങ്ങൾ തുടങ്ങി എല്ലായിടത്തും പരിശോധന ശക്തമാക്കിയിട്ടുണ്ട്. ചുവപ്പുകോട്ടയിൽ ഇന്നും പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കില്ല. സുരക്ഷാ കാരണങ്ങളാൽ ഇനിയൊരു അറിയിപ്പ് ലഭിക്കും വരെ ലാൽ കില മെട്രോ സ്റ്റേഷൻ അടച്ചിടും. മറ്റ് സ്റ്റേഷനുകൾ സാധാരണ നിലയിൽ പ്രവർത്തിക്കുമെന്ന് ഡൽഹി മെട്രോ റെയിൽ കോർപറേഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

## UNION CABINET (INTRO)

***ഡൽഹി കാർ സ്ഫോടനത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ വിയോഗത്തിൽ അഗാധ ദുഃഖം രേഖപ്പെടുത്തി കേന്ദ്ര മന്ത്രിസഭാ യോഗം. ജീവൻ നഷ്ടപ്പെട്ടവരുടെ സ്മരണാർത്ഥം മന്ത്രിസഭാ യോഗത്തിൽ രണ്ടു മിനിറ്റ് മൗനം ആചരിച്ചു. കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടു വരുമെന്ന് മന്ത്രിസഭാ യോഗത്തിന് ശേഷം കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് മാധ്യമങ്ങളോട് പറഞ്ഞു.***

*(ഹോൾഡ് വോയ്സ്..........)*

&&&&&&&&&&&&&&&&&&

## UNION CABINET – 2

കയറ്റുമതി പ്രോത്സഹന ദൗത്യത്തിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. രാജ്യത്തിന്റെ കയറ്റുമതി മേഖലയെ ശക്തപ്പെടുത്തുന്നതിന്റെ ഭാഗമായിയാണ് ഇതെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**HEADLINE-2**

## PM-CABINET DECISIONS

കയറ്റുമതിക്കാർക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതിക്ക് അംഗീകാരം നൽകിയ കേന്ദ്ര മന്ത്രിസഭ യോഗ തീരുമാനം രാജ്യത്തെ സ്വയം പര്യാപ്തമാക്കാൻ സഹായകമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മത്സരക്ഷമത വർദ്ധിപ്പിക്കാനും വാണിജ്യ മേഖലയെ ശക്തിപ്പെടുത്താനും തീരുമാനം സഹായകമാകുമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. കയറ്റുമതി പ്രോത്സാഹന ദൗത്യം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നിർണായക ധാതുക്കൾക്കുള്ള റോയൽറ്റി നിരക്കുകൾ പുതുക്കാനുള്ള കേന്ദ്ര മന്ത്രിസഭയുടെ തീരുമാനം സുസ്ഥിരതയും സ്വാശ്രയത്വവും വർദ്ധിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**HEADLINE-3**

**PREZ BOTSWANA -INTRO**

***പ്രോജക്ട് ചീറ്റയുടെ ഭാഗമായി ഇന്ത്യയ്ക്ക് എട്ട് ചീറ്റപ്പുലികളെ നൽകുമെന്ന് വ്യക്തമാക്കി ബോട്സ്വാന. ഇന്ന് ബോട്സ്വാനയിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സാന്നിധ്യത്തിൽ ചീറ്റകളുടെ കൈമാറ്റം നടക്കും. ബോട്സ്വാനയിൽ ശ്രീമതി മുർമു പ്രസിഡന്റ് ഡുമ ബോക്കോയുമായി നടത്തിയ ഉഭയകക്ഷി ചർച്ചയിലാണ് തീരുമാനം. ഇന്ത്യയ്ക്ക് ചീറ്റയെ കൈമാറാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമ്മു പറഞ്ഞു.***

***(ഹോൾഡ് വോയ്സ്.......)***

***ഇന്ന് ബോട്സ്വാനയിലെ ഇന്ത്യൻ സമൂഹവുമായി രാഷ്ട്രപതി സംവദിക്കും.***

&&&&&&&&&&&&&&&&&&

## PARLIAMENT–COMMITTEE

2025 ലെ 130-ാം ഭരണഘടന ഭേദഗതി ബിൽ, ജമ്മു കശ്മീർ പുനഃസംഘടന (ഭേദഗതി) ബിൽ, കേന്ദ്രഭരണ പ്രദേശങ്ങളുടെ സർക്കാർ (ഭേദഗതി) ബിൽ എന്നിവ പരിശോധിക്കുന്നതിനുള്ള പാർലമെന്റിന്റെ സംയുക്ത സമിതി ചെയർപേഴ്സണായി ബി.ജെ.പി എം.പി അപരാജിത സാരംഗിയെ നിയമിച്ചു.

മുപ്പത്തിയൊന്ന് അംഗങ്ങൾ ഉൾപ്പെട്ട സമിതിയിൽ ബി.ജെ.പി യിൽ നിന്ന് പതിനഞ്ച് എം.പിമാരും എൻ.ഡി.എ സഖ്യകക്ഷികളിൽ നിന്ന് പതിനൊന്ന് എം.പിമാരും പ്രതിപക്ഷത്ത് നിന്ന് നാല് എം.പിമാരും ഒരു നോമിനേറ്റഡ് അംഗവും ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**HEADLINE-4**

## BIHAR- COUNTING (INTRO)

*ബീഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ നടക്കും. 38 ജില്ലകളിലെ 46 കേന്ദ്രങ്ങളിലാണ് വോട്ടെണ്ണൽ .*

*വിശദാംശങ്ങളിലേക്ക്....*

*(ഹോൾഡ് വോയ്സ്...........)*

*രാവിലെ 8 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. ബീഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പോളിംഗിന് ഉപയോഗിച്ച ഇ.വി.എമ്മുകളും വി.വി.പാറ്റുകളും സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരിക്കുകയാണ്. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ സി.ആർ.പി.എഫും പോലീസും കർശന സുരക്ഷാ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ സ്ട്രോംഗ് റൂം പരിസരത്തും കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സി.സി.ടി.വി ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഫോം 17 സിയും ഇ.വി.എം ഡാറ്റയും തമ്മിൽ പൊരുത്തക്കേട് ഉണ്ടായാൽ വി.വി.പാറ്റ് എണ്ണുന്നത് നിർബന്ധമാക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.*
*ന്യൂസ് ഡെസ്ക് ആകാശവാണി....*

&&&&&&&&&&&&&&&&&&

## EC-SIR

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ രാജ്യത്താകെ 37 കോടി എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഈ ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട ആകെ 51 കോടി വോട്ടർമാരുടെ 70 ശതമാനമാണിത്. കേരളത്തിൽ ഇന്നലെ വരെ 1

കോടി 52 ലക്ഷത്തി 84,874 പേർക്കാണ് ഫോം നൽകിയത്.

&&&&&&&&&&&&&&&&&

**HEADLINE-5**

## LSGD

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം നാളെ പ്രസിദ്ധീകരിക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 ആണ്. രണ്ടു ഘട്ടങ്ങളിലായി ഡിസംബർ 9 നും, 11 നുമാണ് വോട്ടെടുപ്പ്. അടുത്തമാസം 13 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&

## VANDE MATARAM STORY

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് രാജ്യത്തുടനീളം വിവിധ പരിപാടികൾ പുരോഗമിക്കുന്നു. വന്ദേമാതരം എന്ന ശക്തമായ ആഹ്വാനം ജനങ്ങളുടെ ശബ്ദങ്ങളിൽ മാത്രമല്ല മുഴങ്ങിയത്, മറിച്ച്, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പ്രതീകങ്ങളിലും അത് പ്രതിഫലിച്ചു. ദേശീയ പതാകയുടെ ആദ്യകാല പതിപ്പുകളിൽ പലതിലും വന്ദേമാതരം ആലേഖനം ചെയ്തിരുന്നു.

&&&&&&&&&&&&&&&&&

**HEADLINE-6**

## OLYMPICS LA28 SCHEDULE

2028 ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിന്റെ സമ്പൂർണ മത്സര ക്രമം പുറത്തിറക്കി. ലോസ് ഏഞ്ചൽസിലും ഒക്ലഹോമ സിറ്റിയിലുമായി 49 വേദികളിൽ 36 കായിക ഇനങ്ങൾ നടക്കും. ഒരു നൂറ്റാണ്ടിനു ശേഷം ക്രിക്കറ്റ്, ഒളിമ്പിക് നിരയിൽ വീണ്ടും എത്തുന്നു എന്നതാണ് ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിന്റെ പ്രത്യേകത. ഉദ്ഘാടനചടങ്ങ് ജൂലൈ 14 നും സമാപന ചടങ്ങ് ജൂലൈ 30 ന് നടക്കും.

&&&&&&&&&&&&&&&&&&

## CHESS – FIDE WORLD CUP

ഗോവയിൽ നടക്കുന്ന FIDE ചെസ് ലോകകപ്പ് റൗണ്ട്-4 ടൈ-ബ്രേക്കറിൽ ഗ്രാൻഡ്മാസ്റ്റർ അർജുൻ എറിഗൈസി, ആർ പ്രഗ്നാനന്ദ, പെൻറല ഹരികൃഷ്ണ എന്നിവർ മാറ്റുരയ്ക്കും. ഉച്ചക്ക് മൂന്നിനാണ് മത്സരം. നേരത്തെ, അർജുൻ എറിഗൈസി ഹംഗറിയുടെ പീറ്റർ ലെക്കോയ്ക്കെതിരെയും പ്രഗ്നാനന്ദ റഷ്യയുടെ ഡാനിൽ ഡുബോവിനെതിരെയുമുള്ള മത്സരങ്ങളിൽ സമനില വഴങ്ങിയിരുന്നു.

&&&&&&&&&&&&&&&&&&

## IND vs SA

ഇന്ത്യ-ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ ആരംഭിക്കും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ ഇന്ത്യൻ സമയം രാവിലെ 9.30 നാണ് മത്സരം. രണ്ടാമത്തെയും അവസാനത്തെയും മത്സരം നവംബർ 22 മുതൽ 26 വരെ ഗുവാഹത്തിയിൽ നടക്കും.

&&&&&&&&&&&&&&&&&&

## WEATHER

കേരളത്തിനു പുറമേ മാഹിയിലും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഛത്തീസ്ഗഢ്. കിഴക്കൻ രാജസ്ഥാൻ, കിഴക്കൻ മധ്യപ്രദേശ് എന്നിവിടങ്ങളിൽ ശൈത്യ തരംഗത്തിനുള്ള സാധ്യതയും പ്രവചിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## V.SIVANKUTTY

ദേശീയ തൊഴിൽ മന്ത്രിമാരുടെ സമ്മേളനത്തിൽ തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളിലും തൊഴിൽ നിയമ പരിഷ്കാരങ്ങളിലും കേരളം കൈവരിച്ച സുപ്രധാന നേട്ടങ്ങൾ അവതരിപ്പിച്ചതായി മന്ത്രി വി ശിവൻകുട്ടി. കേന്ദ്ര തൊഴിൽ മന്ത്രി മൻസൂഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സാമൂഹിക നീതിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള കേരളത്തിന്റെ നിയമനിർമ്മാണ പരിഷ്കാരങ്ങളെക്കുറിച്ചും പദ്ധതികളെ കുറിച്ച് വിശദീകരിച്ചതായും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## SABARIMALA

മണ്ഡല മകരവിളക്ക് തീർഥാടനകാലത്തിനായി ശബരിമല നടതുറക്കാൻ ഇനി രണ്ടു നാൾ മാത്രം ബാക്കി.14 ദിവസത്തേയ്ക്കുള്ള വെർച്വൽ ക്യൂ ബുക്കിംഗ് പൂർത്തീകരിച്ചു. 20 ലക്ഷത്തിലധികം തീർഥാടകരാണ് വെർച്വൽ ക്യൂ വഴി ദർശനത്തിനായി ഇതുവരെ ബുക്കുചെയ്തിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## SABARIMALA (2)

ശബരിമല സ്വർണ്ണകവർച്ച കേസിൽ ദേവസ്വം ബോർഡ് മുൻ സെക്രട്ടറി എസ് ജയശ്രീയുടെ മുൻകൂർ ജാമ്യാപേക്ഷ കോടതി തള്ളി. പത്തനംതിട്ട ജില്ലാ കോടതിയാണ് മുൻകൂർ ജാമ്യാപേക്ഷ തള്ളിയത്.

&&&&&&&&&&&&&&&&&&

## ICT BANGLADESH

ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്കെതിരായ കേസിൽ ബംഗ്ലാദേശിലെ ഇന്റർനാഷണൽ ക്രൈംസ് ട്രിബ്യൂണൽ ഇന്ന് വിധി പറയും. 2024 ജൂലൈയിൽ സർക്കാരിനെ അട്ടിമറിച്ച പ്രക്ഷോഭവുമായി ബന്ധപ്പെട്ടാണ് വിധി. അതേസമയം, ഇതിൽ പ്രതിഷേധിച്ച് ഹസീനയുടെ

പാർട്ടിയായ ബംഗ്ലാദേശ് അവാമി ലീഗ് ഇന്ന് രാജ്യവ്യാപകമായി ലോക്ക്ഡൗൺ പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## INDIA-CHILE

ഇന്ത്യൻ വിദേശകാര്യ മന്ത്രാലയ സെക്രട്ടറി പി. കുമരനും ചിലി അന്താരാഷ്ട്ര സാമ്പത്തിക കാര്യ ഉപമന്ത്രി ക്ലോഡിയ സാൻഹുവേസയും സാന്റിയാഗോയിൽ കൂടിക്കാഴ്ച നടത്തി . രാജ്യങ്ങൾ തമ്മിലുള്ള ഉഭയകക്ഷി പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചു ഇരുവരും ചർച്ച ചെയ്തു . സാമ്പത്തിക - വ്യാപാര വികസനം, ഡിജിറ്റൽ പൊതു പരിഹാരങ്ങൾ, സമഗ്ര സാമ്പത്തിക പങ്കാളിത്തം എന്നിവ അവലോകനം ചെയ്തു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&